**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 976** **09-10-2024 - ൽ മറുപടിയ്ക്ക്**

**കുറ്റ്യാടി -തൂണേരി -വേറ്റുമ്മൽ- കായപ്പനച്ചി ടെയിൽ എന്‍ഡ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | നാദാപുരം മണ്ഡലത്തിൽ തൂണേരി ,എടച്ചേരി ഗ്രാമ പഞ്ചായത്തുകളിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്ന കുറ്റ്യാടി -തൂണേരി -വേറ്റുമ്മൽ -കായപ്പനച്ചി ടെയിൽ എന്‍ഡ് പദ്ധതിയുടെ പുനരുദ്ധാരണ വിഷയത്തിൽ നാളിതുവരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ; | (എ) | തൂണേരി ബ്രാഞ്ച് കനാലിന്റെ വാലറ്റത്തുനിന്നും ആരംഭിക്കുന്ന തൂണേരി Tail end ഡിസ്ട്രിബ്യൂട്ടറി കനാൽ പല സ്ഥലത്തും മൂടപ്പെട്ട് കിടക്കുന്നതിനാലും അവസാന ഭാഗം കുഴിക്കാത്തതിനാലും കനാൽ പുനരുദ്ധാരണ പ്രവൃത്തികൾക്കു മുമ്പായി Tail end ഡിസ്ട്രിബ്യൂട്ടറി കനാൽ ചെയി. 0/000 കി.മീ മുതൽ 4/250 കി.മീ വരെയുള്ള സർവ്വെ നടത്തേണ്ടതായി വരികയും ആയത് പൂർത്തീകരിക്കുകയും ചെയ്തു. സർവ്വെ വിഭാഗത്തിൽ നിന്നും ലഭിച്ച സർവ്വെ സ്കെച്ചിൽ കയ്യേറ്റം സംബന്ധിച്ച് വ്യക്തത വരുത്തേണ്ടി വന്നതിനാൽ പുതുക്കിയ സർവ്വെ സ്കെച്ചും റിപ്പോർട്ടും ലഭ്യമാക്കുവാൻ ഭൂരേഖ തഹസിൽദാരോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ കയ്യേറ്റം സ്ഥിരീകരിച്ച ഭാഗത്തിന് മഹസർ ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട വില്ലേജ് ഓഫീസറോടും ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത വിഷയത്തിൽ ഇറിഗേഷൻ -റവന്യൂ വകുപ്പുകളുടെ സംയുകത സർവ്വേ നടപടികൾ പൂർത്തികരിച്ച സാഹചര്യത്തിൽ പദ്ധതിക്ക് എന്ന് ഭരണാനുമതി ലഭ്യമാക്കുമെന്ന് വിശദമാക്കാമോ? | (ബി) | കയ്യേറ്റം ഒഴിപ്പിച്ച് ഡി.പി.ആർ തയ്യാറാക്കി ഭരണാനുമതി ലഭ്യമാക്കേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ